# പതിനഞ്ചാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ ഭാഗം—2

2022 ജൂലൈ 7

**നമ്പർ 254**

2022 ജൂലൈ 7-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകളനുസരിച്ച് പതിനഞ്ചാം കേരള നിയമസഭയുടെ നടപ്പുസമ്മേളനം 2022 ജൂലൈ 21-ാം തീയതി അവസാനിപ്പിക്കുന്നതാണ്. നടപ്പുസമ്മേളന കാലയളവിൽ 2022 ജൂലൈ 8, വെള്ളിയാഴ്ചയും ജൂലൈ 11, തിങ്കളാഴ്ചയും സഭ ചേരുന്നതല്ല. 2022 ജൂൺ 29-ന് ചർച്ച ചെയ്യാൻ നിശ്ചയിച്ചിരുന്നതും മാറ്റിവയ്ക്കപ്പെട്ടതുമായ XII-പോലീസ്, XIII-ജയിലുകൾ, XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും XXIII- വാർത്താ വിതരണവും പ്രചരണവും എന്നീ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ച 2022 ജൂലൈ 14, വ്യാഴാഴ്ച നടത്തുന്നതാണ്. 2022 ജൂലൈ 11-ന് ചർച്ച ചെയ്യാൻ നിശ്ചയിച്ചിരുന്ന XXVII - സഹകരണം, XXXIV-വനം എന്നീ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച 2022 ജൂലൈ 18 തിങ്കളാഴ്ച തീരുമാനിച്ചിട്ടുള്ള XX, XXIX, XXXVIII എന്നീ ധനാഭ്യർത്ഥനകളുടെ പരിഗണന പൂർത്തീകരിച്ചതിനുശേഷം നടത്തുന്നതാണ്. 2022 ജൂലൈ 13-ലെ ധനാഭ്യർത്ഥനകളുടെ ചർച്ച പൂർത്തീകരിച്ചതിനുശേഷം അപരാഹ്ന സമ്മേളനം ചേർന്നുകൊണ്ട് 2022-ലെ കേരള ധനകാര്യ ബിൽ, 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം പരിഗണിക്കുന്നതാണ്. 2022 ജൂലൈ 19-ന് ധനാഭ്യർത്ഥനകളുടെ ചർച്ചയും വോട്ടെടുപ്പും പൂർത്തീകരിച്ചതിനുശേഷം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ധനകാര്യ ബിൽ, 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ, 2022-ലെ സഹകരണ സംഘ (ഭേദഗതി) ബിൽ എന്നിവ പരിഗണിക്കുന്നതാണ്. 2022 ജൂലൈ 20, ബുധനാഴ്ച 2022-2023 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ചർച്ചയ്ക്കും വോട്ടെടുപ്പിനുമായി വിനിയോഗിക്കുന്നതാണ്. 2022 ജൂലൈ 21, വ്യാഴാഴ്ച 2022-2023 സാമ്പത്തിക വർഷത്തെ ബജറ്റിനെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലും 2022-2023 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകൾ

സംബന്ധിച്ച ധനവിനിയോഗ ബില്ലും പരിഗണിക്കുന്നതാണ്. 2022 ജൂലൈ 13, 14, 18, 19, 21 എന്നീ ദിവസങ്ങളിലെ കാര്യപരിപാടികളുടെ പൂർത്തീകരണത്തിനായി ആവശ്യമെങ്കിൽ അപരാഹ്ന സമ്മേളനം ചേരുന്നതാണ്.

2022 ജൂലൈ 12 മുതലുള്ള ദിവസങ്ങളിലെ കാര്യപരിപാടികൾ താഴെപ്പറയും പ്രകാരം ക്രമീകരിച്ചിരിക്കുന്നു.

| | |
|---|---|
| 2022 ജൂലൈ 12, ചൊവ്വാഴ്ച | 2022-2023 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും |
| 2022 ജൂലൈ 13, ബുധനാഴ്ച | (1) 2022-2023 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും<br>(2) താഴെപ്പറയുന്ന ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം:<br>(i) 2022-ലെ കേരള ധനകാര്യ ബിൽ<br>(ചർച്ച അവസാനിപ്പിക്കുന്നതാണ്)<br>(ii) 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ<br>(ചർച്ച അവസാനിപ്പിക്കുന്നതാണ്) |
| 2022 ജൂലൈ 14, വ്യാഴാഴ്ച | 2022-2023 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും |
| 2022 ജൂലൈ 15, വെള്ളിയാഴ്ച | ഗവൺമെന്റ് കാര്യവും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും |
| 2022 ജൂലൈ 18, തിങ്കളാഴ്ച | 2022-2023 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും |
| 2022 ജൂലൈ 19, ചൊവ്വാഴ്ച | (1) 2022-2023 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും |

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2022-ലെ കേരള ധനകാര്യ ബിൽ

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(ii) 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(iii) 2022-ലെ സഹകരണ സംഘ (ഭേദഗതി) ബിൽ

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

| | |
|---|---|
| 2022 ജൂലൈ 20, ബുധനാഴ്ച | 2022-2023 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും |
| 2022 ജൂലൈ 21, വ്യാഴാഴ്ച | (i) 2022-2023 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന ധനവിനിയോഗ ബിൽ |
| | (ii) ഉച്ചക്ക് ശേഷം 1 മുതൽ 2 വരെ 2022- 2023 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബിൽ |

കവിത ഉണ്ണിത്താൻ,
*സെക്രട്ടറി-ഇൻ-ചാർജ്.*